38/DGE/HSE/NSS/2024

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവ്വീസ് സ്കീം
(ഹയർ സെക്കന്ററി വിഭാഗം)
ഹൗസിങ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം
04712323023
dhsensskerala@gmail.com
തീയതി : 04/05/2024

## സർക്കുലർ

**വിഷയം: ലോക പരിസ്ഥിതി ദിനാചരണം- 'സമൃദ്ധി -2024' കാമ്പയിൻ - സംബന്ധിച്ച്**

2024 ലെ ലോക പരിസ്ഥിതി ദിനം ജൂൺ 5ന് 'സമൃദ്ധി -2024' എന്ന പേരിൽ സംഘടിപ്പിക്കേണ്ടതാണ്. 2024 ലെ പരിസ്ഥിതി ദിന പ്രമേയമായ ഭൂമി പുനരുദ്ധാരണം, വരൾച്ചാ പ്രതിരോധം, മരുഭൂവൽക്കരണം (Land Restoration, Desertification and Drought Resilience) എന്ന പ്രമേയത്തിന്റെ അടിസ്ഥാനത്തിലാണ് ദിനാചരണം സംഘടിപ്പിക്കേണ്ടത്. 'നമ്മുടെ ഭൂമി, നമ്മുടെ ഭാവി' എന്ന ഐക്യരാഷ്ട്ര സഭ മുന്നോട്ടു വയ്ക്കുന്ന മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്തങ്ങളായ കാമ്പയിനുകൾ ഈ മാസം തന്നെ യൂണിറ്റു തലങ്ങളിലും ജില്ലാ ക്ലസ്റ്റർ തലങ്ങളിലും ആസൂത്രണം ചെയ്ത് പുതിയ വിദ്യാഭ്യാസ വർഷാരംഭത്തിൽ നടപ്പിലാക്കാവുന്നതാണ്. പരിസ്ഥിതി ദിനാചരണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ ജില്ലാതലം മുതൽ യൂണിറ്റ് തലം വരെ സംഘടിപ്പിക്കേണ്ടതാണ്.

1. മെയ്, ജൂൺ മാസങ്ങളിൽ പരിസ്ഥിതി സംരക്ഷണം സംബന്ധിച്ച് വോളന്റിയർമാർക്കും, മറ്റ് വിദ്യാർത്ഥികൾക്കും അവബോധം നൽകുക.
2. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. (ഊർജ്ജ സംരക്ഷണം, ജല സംരക്ഷണം, ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കൽ, സ്വചരതാ പ്രോഗ്രാം, ആരോഗ്യകരമായ ജീവിതശൈലി)
3. പരിസ്ഥിതി വിഷയങ്ങളുമായി ബന്ധപ്പെട്ട് വിവിധ സെമിനാറുകൾ സംഘടിപ്പിക്കുക.
4. ലോകപരിസ്ഥിതി ദിനമായ ജൂൺ 5 ന് റാലി, പ്രതിജ്ഞ തുടങ്ങിയവ യൂണിറ്റ് തലത്തിൽ സംഘടിപ്പിക്കുക.

### 'സമൃദ്ധി-2024'

പരിസ്ഥിതി സംരക്ഷണം, സുസ്ഥിരമായ ഭക്ഷ്യവ്യവസ്ഥ എന്നിവ ലക്ഷ്യമിട്ടുകൊണ്ട് ഹയർ സെക്കന്ററി എൻ.എസ്.എസ്. സംഘടിപ്പിക്കുന്ന പ്രത്യേക കാമ്പയിനാണ് 'സമൃദ്ധി-2024'. ഇതിന്റെ ഭാഗമായി പ്രാദേശികമായി ലഭ്യമായ സീസണൽ ഫലങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിടുന്നു.

### പദ്ധതി

- എല്ലാ രണ്ടാം വർഷ വോളന്റിയർമാരും ഈ കാമ്പയിനിൽ പങ്കാളികളാകണം.
- സ്കൂൾ തുറക്കുന്നതിനു മുമ്പ് തന്നെ പ്രോഗ്രാം ഓഫീസർമാർ വോളന്റിയർമാരുടെ ഓൺലൈൻ/ഓഫ്ലൈൻ കൂടിയിരുപ്പ് സംഘടിപ്പിക്കുകയും പരിസ്ഥിതി ദിനത്തിന്റെ പ്രാധാന്യം, ഹയർ സെക്കന്ററി എൻ.എസ്.എസ്. പരിസ്ഥിതി, ജൈവ വൈവിധ്യ സംരക്ഷണം, സുസ്ഥിര ലോകം എന്നിവയ്ക്കുവേണ്ടി ഫലപ്രദമായി നടത്തിവരുന്ന ഇടപെടലുകൾ എന്നിവയെ സംബ

ഡിച്ച് വ്യക്തമായ അവബോധം രൂപപ്പെടുത്തുംവിധം ബോധവൽക്കരണം സംഘടിപ്പിക്കുക. (റീജിയണൽ, ജില്ലാ ക്ലസ്റ്റർ കൺവീനർമാരുടെ സഹായം തേടാവുന്നതാണ്).

- വേനൽക്കാലത്ത് സുലഭമായി ലഭിക്കുന്ന ഉഷ്ണമേഖലാ ഫലവിത്തുകൾ (ചക്ക, മാങ്ങ, ആത്ത, പേര, സപ്പോർട്ട, ചാമ്പ, ആഞ്ഞിലി മുതലായവ) ഓരോ വോളന്റിയർമാരും പത്ത് വീതം ശേഖരിക്കുകയും സശ്രദ്ധം വിതച്ച് മുളപ്പിക്കുകയും വേണം. നാട്ടിൽ ലഭ്യമായതും ഗുണമേന്മയുള്ളതുമായ വിത്ത് ശേഖരണം, ശാസ്ത്രീയമായ മുളപ്പിക്കൽ രീതികൾ എന്നിവ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ മുതിർന്ന കർഷകരിൽ നിന്നും ശേഖരിക്കാവുന്നതാണ്. ഇങ്ങനെ ഒരു വോളന്റിയർ കുറഞ്ഞത് പത്ത് തൈകൾ ഉൽപ്പാദിപ്പിക്കണം.
- തൈകൾ സ്കൂൾ യൂണിറ്റുകളിൽ ശേഖരിക്കുകയും ലോക പരിസ്ഥിതി ദിനമായ ജൂൺ 5 ന് സംഘടിപ്പിക്കുന്ന പൊതുപരിപാടിയിൽ പങ്കാളിത്ത ഗ്രാമത്തിലെയും പരിസരങ്ങളിലെയും കുറഞ്ഞത് 500 കുടുംബങ്ങൾക്ക് വിതരണം ചെയ്യുകയും വേണം. (പരിസ്ഥിതി ദിനാചരണത്തിന് ശേഷവും ഈ പ്രവർത്തനം തുടരാവുന്നതാണ്).
- പദ്ധതി പ്രകാരം തൈകൾ വിതരണം ചെയ്യുന്നതിന്റെ രജിസ്റ്റർ, ഗുണഭോക്താവിന്റെ പേര്, മേൽവിലാസം, ഫോൺ നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി യൂണിറ്റിൽ സൂക്ഷിക്കേണ്ടതാണ്.
- ജൂൺ 5 ലോക പരിസ്ഥിതി ദിന പരിപാടിയിൽ വാർഡ് മെമ്പർ, കൃഷി ഓഫീസർ, പി.ടി.എ. ഭാരവാഹികൾ, ആശാ വർക്കർമാർ, സി.ഡി.എസ്. അംഗങ്ങൾ, തൊഴിലുറപ്പ് പ്രതിനിധികൾ തുടങ്ങിയവരുടെ പങ്കാളിത്തം ഉറപ്പാക്കണം. പരിസ്ഥിതി ദിനം സംബന്ധിച്ച സമഗ്ര ബോധവൽക്കരണം ജൂൺ 5ന് നടക്കുന്ന പൊതു ചടങ്ങിന്റെ ഭാഗമായി സംഘടിപ്പിക്കണം.
- വിത്തുകൾ വിതയ്ക്കുന്നത് മുതൽ തൈ വിതരണം വരെയുള്ള എല്ലാ പ്രവർത്തനങ്ങളും ഓരോ വോളന്റിയർമാരും ലോഗ് ബുക്കുകളായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്. വിതരണം ചെയ്ത തൈകൾ ഗുണഭോക്താക്കൾ നട്ടുവളർത്തി എന്ന് ഉറപ്പാക്കാൻ വേണ്ട വിലയിരുത്തലുകൾ ഓരോ വോളന്റിയർമാരും നടത്തുകയും ആറ് മാസങ്ങൾക്കു ശേഷം തൈകളുടെ വളർച്ച നേരിട്ട് കണ്ടു വിലയിരുത്തുകയും അതിന്റെ ഫോട്ടോ ഉൾപ്പെടെയുള്ള രേഖകൾ സൂക്ഷിക്കേണ്ടതുമാണ്.
- ഈ പ്രവർത്തനത്തിന്റെ ഭാഗമായി 7 ലക്ഷം തൈകൾ വിതരണം ചെയ്യാൻ ലക്ഷ്യമിടുന്നു. പ്രസ്തുത പരിപാടിക്ക് യൂണിറ്റിന്റെ ആകെ ഗുണപരമായ പങ്കാളിത്തം ഉണ്ടാകേണ്ടതാണ്.

പ്രോഗ്രാ കോ-ഓർഡിനേറ്റർ